LIBRARY ARCHIVES Kerala Legislative Assembly

പാരിപ്പള്ളി-കലയ്ക്കോട് ഹെൽത്ത് സെന്ററുകളുടെ നവീകരണം

137 [142] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി, കലയ്ക്കോട് എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പദവി ഉയർത്തി ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിനുവേണ്ട സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാരിപ്പള്ളി, കലയ്ക്കോട് എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പദവി ഉയർത്തിക്കൊണ്ടുള്ള ഉത്തരവുകൾ ഉണ്ടായിട്ടില്ല.

(ബി) പാരിപ്പള്ളി പി.എച്ച്.സി.-യിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നേഴ്സ്-1, നേഴ്സിംഗ് അസിസ്റ്റന്റ്-1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II-1 എന്നീ തസ്തികകളും കലയ്ക്കോട് പി.എച്ച്.സി.-യിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നേഴ്സ്-2, നേഴ്സിംഗ് അസിസ്റ്റന്റ്-1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II-1 എന്നീ തസ്തികകളും സൃഷ്ടിക്കുകയും അവയിൽ നിയമനം നടത്തി അവിടെ ഐ. പി. സംവിധാനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ചെറുകുന്ന് പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

138 [143] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിൽപ്പെട്ട ചെറുകുന്ന് പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടർമാർ ഇല്ലാത്തതും, കിടത്തി ചികിത്സയില്ലാത്തതുംമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് അടിയന്തിര പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആദ്യപടിയായി ഈ സ്ഥാപനത്തിൽ ഡോക്ടറെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഈ പി.എച്ച്.സി.-യിൽ രണ്ട് മെഡിക്കൽ ഓഫീസർമാരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട്.